കാരൂർ സോമൻ

# മനസ്സ്

കറുത്ത കൊടി കെട്ടിയ കാറിൽ
വെളുത്തു പുതച്ച ഒരു ശരീരം
അതിൽ നിറമൊഴുക്കിൻെറ
നിലയ്ക്കാത്ത പ്രവാഹംപോലെ.
പൂക്കളുടെ മഞ്ഞയും ചുവപ്പും
പൂക്കളമെഴുതുന്നു നിൻചരിതം

നമുക്കൊരുവേള കാണേണ്ടതീ പടം
നമുക്കൊരുവേള അറിയേണ്ടതീ വാർത്തകൾ

അതിലൊരിടവേള ചമച്ച നിൻെറ
സ്പോൺസേഡ് പരിപാടിയിൽ
എൻെറ കയ്യൊപ്പ് പതിഞ്ഞതെങ്ങനെ?
അതിൽ എൻെറ തലയറ്റു വീണതെങ്ങനെ?
അതിൽ ഒരു പൊട്ടുപോലെയെൻെറ
പെണ്ണിൻെറ കരൾ പതിഞ്ഞതെങ്ങനെ?

തേടിയതൊക്കെയും കാലിൽ ചുറ്റിയ
തേളിൻ കഥയില്ലത്, ജീവിതം! ●



ശ്രീകുമാർ കരിയാട്

# എനിക്കും പ്രണയിക്കണം

'മനുഷ്യൻ എത്ര സൗന്ദര്യം
ഉള്ള സൽപ്പദ'മെന്നൊരാൾ
പറഞ്ഞുവച്ചതിൻ പിൻപേ
പറന്നൂ ഷഡ്പദങ്ങളും.

അവയ്ക്ക് പലതേ പേര്
ഊര് വസ്ത്രം സ്വരം നിറം
അവയിൽ ഊർജമേ ലാസ്യം,
താണ്ഡവം, മുദ്ര, മൗനവും.

അണുകേന്ദ്രം നിറച്ചോർമ
മധുരം സംഭരിക്കവേ
ഇലക്ട്രോൺ തുമ്പിയെപ്പോലെ
തുടങ്ങീ പ്രേമനർത്തനം.

അതുപോൽത്തന്നെ പോത്തൻവ-
ണ്ടപ്പപ്പൂവിൻെറ ചുറ്റിലും
ഇരുമ്പിൻ ചോടുകൾ വച്ച്
ദൃഢം നാട്യം തുടർന്നു ഹാ!

കിങ്ങിണിപ്പൂവ് നോക്കുമ്പോൾ
കള്ളനീച്ച നിരന്തരം
കൈവിരൽത്തുമ്പുകൾതോറും
വിടർത്തിക്കാട്ടി താമര.

ചിലർ കാലിൻെറയറ്റത്തെ-
ച്ചിലമ്പ് ഭാരമെങ്കിലും
ചില്ലതോറുമനംഗൻെറ
ചേലിൽപ്പാറിപ്പറക്കയായ്

ഇത്തിരിപ്പോന്ന ദേഹത്തിൽ
കാമക്കപ്പലുകൾ ധരി-
ച്ചാർത്തിരമ്പിക്കുതിക്കുന്നൂ
'സമുദ്രം' നർത്തനോത്സുകർ

ഒത്തിരിപ്പോന്ന പൂക്കൾക്കുൾ-
ക്കുളിർ, രോമാഞ്ചമെന്നിവ
ഉദിക്കുന്നതു കാണുമ്പോൾ,

എനിക്കും പ്രണയിക്കണം. ●